# പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6098 07.07.2014-ൽ മറുപടിക്ക്.

## ഗ്രാമസഭകളുടെ യോഗം ചേരുന്നതു സംബന്ധിച്ച നടപടിക്രമം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമസഭകൾ യോഗം ചേരുന്നതു സംബന്ധിച്ച നടപടി ക്രമങ്ങൾ വിശദമാക്കുന്നതിന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (എ) ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭയുടെ കൺവീനർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായി കൂടിയാലോചിച്ച് നിശ്ചയിക്കുന്ന സ്ഥലത്തും തീയതിയിലും സമയത്തും യോഗം ചേരേണ്ടതും, യോഗം ചേരുന്ന വിവരം ഒരു പൊതു നോട്ടീസ് മുഖേന ഗ്രാമസഭയുടെ കൺവീനർ ഗ്രാമസഭാംഗങ്ങളെ അറിയിക്കേണ്ടതും അങ്ങനെയുള്ള യോഗങ്ങളിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ജില്ലാ പഞ്ചായത്ത് അംഗത്തെയും നിയമസഭാംഗത്തെയും നിർബന്ധമായും ഗ്രാമസഭയുടെ കൺവീനർ ക്ഷണിക്കേണ്ടതുമാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 3-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കേരള പഞ്ചായത്ത് രാജ് ആക്ട് 35-ാം വകുപ്പ് (1)-ാം ഉപ വകുപ്പിന്റെ (പി) ഖണ്ഡത്തിൽ ഗ്രാമസഭയുടെ യോഗം മൂന്നു മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി മൂന്നു തവണ വീഴ്ച വരുത്തിയാലുണ്ടാകുന്ന അയോഗ്യതയെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ 1995-ൽ കേരള പഞ്ചായത്ത് രാജ് (ഗ്രാമസഭയുടെ യോഗം വിളിച്ചു കൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾക്ക് 2009-ൽ ഭേദഗതിയും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ